"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 — സംസ്ഥാനതല സമിതി - ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കുന്നുമ്മ വില്ലേജിൽ സർവ്വേ നം. 115/01 - ൽ ഉൾ പ്പെട്ട 2 0 സെന്റ് നിലം ഉന്നതതല ജലസംഭരണ ടാങ്ക് നിർമ്മാണത്തിനായി നികത്തുന്നതിന് മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(കൈ) നം.15/2023/AGRI തീയതി,തിരുവനന്തപുരം, 03-03-2023

---

പരാമർശം:-

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
2. പുളിങ്കുന്ന് കൃഷി ഓഫീസറുടെ 23/10/2020 തീയതിയിലെ KBP-9/20-21 നം. കത്ത്.
3. 24.01.2022 തീയതിയിലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കുന്നുമ്മ വില്ലേജിൽ സർവ്വേ നം. 115/01 - ൽ ഉൾപ്പെട്ട 2 0 സെന്റ് നിലം ഉന്നതതല ജലസംഭരണി നിർമ്മാണത്തിനായി നികത്തുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പുളിങ്കുന്ന് കൃഷി ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

" ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കുന്നുമ്മ വില്ലേജിൽ ബ്ലോക്ക് 19-ൽ സർവ്വെ നം.115/01-ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം ജലസംഭരണി നിർമ്മിയ്ക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രസ്തുത നിലം നികത്തുന്നതുമൂലം സമീപത്തെ കൃഷിയെ ബാധിക്കാത്തതരത്തിൽ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതൽ കൈക്കൊള്ളേണ്ടതാണ്. കുടിവെള്ള പദ്ധതി അത്യന്താപേക്ഷിതമായതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിയ്ക്കാവുന്നതാണ് എന്നുള്ള സമിതിയുടെ തീരുമാനം സർക്കാരിലേയ്ക്ക് റിപ്പോർട്ട്

ചെയ്യാൻ തീരുമാനിച്ചു."

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പൊതു ആവശ്യമായതിനാലും കുടിവെള്ള പദ്ധതി അത്യന്താപേക്ഷിതമായതിനാലും നിലം നികത്തുന്നതു മൂലം സമീപത്തെ കൃഷിയെ ബാധിക്കാത്ത തരത്തിൽ നീരൊഴുക്കിനെ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതൽ കൈകൊള്ളേണ്ടതാണ് എന്ന വ്യവസ്ഥയോടെ കുട്ടനാട് താലൂക്കിൽ കുന്നുമ്മ വില്ലേജിൽ ബ്ലോക്ക് 19-ൽ സർവ്വെ നം.115/01-ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം ഉന്നതതല ജലസംഭരണ ടാങ്ക് നിർമ്മാണത്തിനായി നികത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ .

പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, ആലപ്പുഴ .

കൃഷി ഓഫീസർ, പുളിങ്കുന്ന്, ആലപ്പുഴ .

വില്ലേജ് ഓഫീസർ, കുന്നുമ്മ, ആലപ്പുഴ .

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 08-03-2023 15:29:15
സെക്ഷൻ ഓഫീസർ